**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 399** **10-02-2025 - ൽ മറുപടിയ്ക്ക്**

**പദ്ധതി വെട്ടിക്കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക പ്രതിസന്ധി മൂലം 2024-25 ലെ വാർഷിക പദ്ധതിയുടെ ഭാഗമായുള്ളവ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സമിതി പരിശോധിച്ച് അവ മാറ്റിവയ്ക്കുകയോ ഭരണാനുമതി നൽകിയ ആകെ തുകയുടെ അൻപത് ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന സർക്കാർ ഉത്തരവിനെ തുടർന്ന് മാറ്റിവച്ച പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ? | (എ) | കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്ത് തീർക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 17.07.2024, 31.08.2024 തീയതികളിലെ സ. ഉ (പി) നം. 57/2024/ധന, സ. ഉ (പി) നം. 76/2024/ധന ഉത്തരവുകൾ മുഖേന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികളിൽ 10 കോടി രൂപയ്ക്ക് മേൽ അടങ്കലുള്ള തുടർ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സെക്രട്ടറി തല സമിതി പരിശോധിച്ച് പദ്ധതി മാറ്റി വയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് വകുപ്പിന് ഭരണാനുമതി നൽകിയ ആകെ തുകയുടെ 50% ആയും 10 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് വകുപ്പ് സെക്രട്ടറി, വകുപ്പ് അധ്യക്ഷനുമായി കൂടിയാലോചിച്ച് വകുപ്പിന് ഭരണാനുമതി നൽകിയ മൊത്തം തുകയുടെ 50% ആയും നിജപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതികൾ ഒന്നും തന്നെ മാറ്റി വയ്ക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ